പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2696

10/12/2014-ൽ
മറുപടിയ്ക്ക്

## ദേവസ്വം ബോർഡുകളിലെ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്ത് ദേവസ്വം വകുപ്പിന് കീഴിലായി ഏതെല്ലാം ദേവസ്വം ബോർഡുകളാണ് പ്രവർത്തിക്കുന്നത്; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ് |
| ബി) ഇതിൽ ഓരോ ബോർഡിനും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളുണ്ട്; | ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് – 1248 ക്ഷേത്രങ്ങൾ.<br>മലബാർ ദേവസ്വം ബോർഡ് – 1358 ക്ഷേത്രങ്ങൾ<br>കൊച്ചിൻ ദേവസ്വം ബോർഡ് – 403 ക്ഷേത്രങ്ങൾ |
| സി) ഈ ക്ഷേത്രങ്ങളിൽ ഓരോന്നിലും എത്ര സ്ഥിരം ജീവനക്കാരുണ്ട്; | സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരും കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരും, മലബാർ ദേവസ്വം ബോർഡിൽ 6320 ജീവനക്കാരുമുണ്ട്. |
| ഡി) സ്ഥിരം ജീവനക്കാരിൽ എത്ര വീതം പട്ടികജാതി/പട്ടികവർഗ്ഗക്കാരുണ്ട്; | ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 85 ജീവനക്കാരും, കൊച്ചിൻ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 73 ജീവനക്കാരും ഉണ്ട് എന്നാൽ മലബാർ ദേവസ്വം ബോർഡിൻെറ അധികാര പരിധിക്കുള്ളിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നത് അതാത് ക്ഷേത്ര ഭരണാധികാരികളാണ്. ജീവനക്കാരെ നിയമിക്കുന്നതിൽ സ്വീകരിച്ച നടപടിക്രമങ്ങളിലെ നിയമസാധുത പരിശോധിച്ച് അംഗീകാരം നൽകുന്ന ചുമതല മാത്രമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ ജാതി മാനദണ്ഡമല്ലാത്തതിനാൽ ജാതിതിരിച്ചുള്ള പ്രത്യേക കണക്ക് ക്ഷേത്രങ്ങളിലോ ബോർഡിൻെറ ഓഫീസിലോ സൂക്ഷിച്ചുവരുന്നില്ല. |

| | | | |
|---|---|---|---|
| ഇ) | ക്ഷേത്ര ജീവനക്കാരെ നിയമിക്കുമ്പോൾ സംവരണ തത്ത്വം പാലിക്കപ്പെടുന്നതിന് നിർദ്ദേശങ്ങളുണ്ടോ? | ഇ) | നിയമനത്തിന് ക്ഷേത്ര ജീവനക്കാർ, സ്കൂൾ, കോളേജ് നിയമനങ്ങൾ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നെങ്കിലും ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ രണ്ട് കേസുകൾക്ക് തീർപ്പായിട്ടില്ലാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മലബാർ ദേവസ്വം ബോർഡിൽ നിലവിലുള്ള നിയമ പ്രകാരം ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ തത്ത്വം പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.കൊച്ചിൻ ദേവസ്വത്തെ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ